# 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

2022 ഡിസംബർ 7-ാം തീയതി സമർപ്പിച്ചത്

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും**

1546/2022.

# ഉള്ളടക്കം

*പേജ്*


| | | | |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | 1 |
| 3. | അനുബന്ധം : | | |
| | I. വിയോജനക്കുറിപ്പ് | .. | 3 |
| | II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി VII
# (വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും)
# (2021-2023)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. കെ. കൃഷ്ണൻകുട്ടി,
വൈദ്യുതി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. വി. ശിവൻകുട്ടി,
പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.

ശ്രീ. എ. കെ. എം. അഷ്റഫ്, എം. എൽ. എ.

ശ്രീ. എം. എം. മണി, എം. എൽ. എ.

ശ്രീ. പി. നന്ദകുമാർ, എം. എൽ. എ.

ശ്രീ. എ. പ്രഭാകരൻ, എം. എൽ. എ.

ശ്രീ. കെ. കെ. രാമചന്ദ്രൻ, എം. എൽ. എ.

ശ്രീ. വാഴൂർ സോമൻ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. എ.എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# 2022-ലെ അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പരിഗണനയ്ക്കായി അയച്ച 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ (ബിൽ നമ്പർ 106), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022 ജൂൺ 8-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2022 ഡിസംബർ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും, അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2022 ഡിസംബർ 6-ാം തീയതി വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം - 2</u>

ഉപഖണ്ഡം (ii) ഒഴിവാക്കുക.

<u>ഖണ്ഡം - 3</u>

2-ാം ഉപഖണ്ഡത്തിൽ "ജനവരി 1-ാം " എന്ന വാക്കിനും അക്കത്തിനും ചിഹ്നത്തിനും പകരം "മാർച്ച് 31- ാം " എന്ന വാക്കും അക്കവും ചിഹ്നവും ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും അനുബന്ധമായി ചേർത്തിരിക്കുന്നു.

**കെ. കൃഷ്ണൻകുട്ടി,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VII.*

തിരുവനന്തപുരം,
2022 ഡിസംബർ 7.

1546/2022.

<u>അനുബന്ധം I</u>

## വിയോജനക്കുറിപ്പ്

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്ടിൽ, അബ്കാരി തൊഴിലാളികളുടെ നിർവചനം ഭേദഗതി ചെയ്യുന്നതിനും അബ്കാരി തൊഴിലാളികളുടെ വേതനത്തിൽ ഓവർ ടൈം അലവൻസ് ഉൾപ്പെടുന്നില്ല എന്ന ഖണ്ഡം 2 (എം) (2)-ലെ വ്യവസ്ഥ ഒഴിവാക്കുന്നതിനും ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട്, അബ്കാരി തൊഴിലാളികളുടെ ഒരു രജിസ്റ്റർ കാലികമായി സൂക്ഷിക്കുകയും ഓരോ വർഷവും ആക്ഷേപങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രസിദ്ധീകരിക്കുകയും ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നതിനും അബ്കാരി തൊഴിലാളിയുടെ അംശദായം പ്രതിമാസ വേതനത്തിന്റെ 11.5% ആയി ഉയർത്തുന്നതിനും ഗ്രാറ്റുവിറ്റി ഫണ്ടിലേക്ക് തൊഴിലുടമ നൽകുന്ന വിഹിതം വേതനത്തിന്റെ ഏഴ് ശതമാനമായി ഉയർത്തുന്നതിനുമായി ഭേദഗതികൾ വരുത്തുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

അബ്കാരി തൊഴിലാളികളുടെ അംശദായ തുക 11.5% ആയി ഉയർത്തുകയും എന്നാൽ തൊഴിലുടമകൾ നൽകേണ്ട അംശദായ തുക വർദ്ധിപ്പിക്കാതിരിക്കുകയും ചെയ്യുന്ന വ്യവസ്ഥയോട് യോജിക്കുവാൻ സാധിക്കില്ല. തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ വർദ്ധിച്ചുവരുന്ന ഭരണ ചെലവ് ഉൾപ്പെടെയുള്ളവയുടെ സാമ്പത്തിക ബാധ്യത തൊഴിലാളികൾക്കുമേൽ ചുമത്തുന്ന നയസമീപനമാണ് അംശദായ വർദ്ധനവിലൂടെ സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

**അൻവർ സാദത്ത്** (ഒപ്പ്)

**എ. കെ. എം. അഷ്റഫ്** (ഒപ്പ്)

അനുബന്ധം II

# 2022 -ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു.]

## 1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പിന്റെ (ii)-ാം ഖണ്ഡം 1990 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതും ശേഷിക്കുന്ന വ്യവസ്ഥകൾ ഉടൻ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, [***] (എ) ഖണ്ഡത്തിൽ "കുപ്പിയിൽ നിറയ്ക്കൽ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ലേബൽ ഒട്ടിക്കൽ, വെയർ ഹൗസുകളിലോ മൊത്ത വിൽപനശാലകളിലോ ബാറുകളിലോ ക്ലബ്ബുകളിലോ " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്;

[***]

3. 3 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3 എ അബ്കാരിത്തൊഴിലാളി അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ.—(1) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കപ്പെടുന്ന തൊഴിലാളികളുടെ ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതാണ്.

(2) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോ വർഷവും അംഗത്വം നേടിയവരുടെയും അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുടെയും പേരും വിശദാംശങ്ങളും അടങ്ങുന്ന ഒരു ലിസ്റ്റ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓരോ വർഷവും മാർച്ച് 31-ാം തീയതിക്കു മുൻപായി പൊതു അറിവിലേയ്ക്കും ആക്ഷേപമുണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള മറ്റെല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റ് സംബന്ധിച്ചുള്ള ഏതെങ്കിലും ആക്ഷേപം, പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ എല്ലാ ആക്ഷേപങ്ങളും ബോർഡിന്റെ ചെയർമാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാൻ ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും, ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന് ശേഷം തീരുമാനം കൈക്കൊള്ളേണ്ടതും, തീരുമാനത്തിന് അനുസൃതമായി ലിസ്റ്റിൽ തിരുത്തൽ വരുത്തേണ്ടതുമാണ്.''.

4. 4-ാം വകുപ്പിനുള്ള ഭേദഗതി.—(1) പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും തത്സമയം നൽകുന്ന വേതനത്തിന്റെ പത്തു ശതമാന മായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം അബ്കാരിത്തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ പതിനൊന്നര ശതമാനം ആയിരിക്കേണ്ടതുമാണ്.";

(2) (2)-ാം ഉപവകുപ്പിൽ "അഞ്ചു ശതമാനത്തിന്" എന്ന വാക്കുകൾക്ക് പകരം "ഏഴ് ശതമാനത്തിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2022 ഡിസംബർ 6.

**എ. എം. ബഷീർ,**
*സെക്രട്ടറി.*